# Payyanur College, Payyanur
# (Affiliated to Kannur University)

# Programme Outcomes (POs)

# BA DEGREE PROGRAMME (FOR ARTS)

## PROGRAMME OUTCOMES (PO)

**PO1. Critical Thinking**

1.1. Acquire the ability to apply the basic tenets of logic and science to thoughts, actions and interventions.
1.2. Develop the ability to chart out a progressive direction for actions and interventions by learning to recognize the presence of hegemonic ideology within certain dominant notions.
1.3 Develop self-critical abilities and also the ability to view positions, problems and social issues from plural perspectives.

**PO2. Effective Citizenship**

2.1. Learn to participate in nation building by adhering to the principles of sovereignty of the nation, socialism, secularism, democracy and the values that guide a republic.
2.2. Develop and practice gender sensitive attitudes, environmental awareness, empathetic social awareness about various kinds of marginalization and the ability to understand and resist various kinds of discriminations.
2.3. Internalize certain highlights of the nation and region history. Especially of the freedom movement, the renaissance within native societies and the project of modernization of the post-colonial society.

**PO3. Effective Communication**

3.1. Acquire the ability to speak, write, read and listen clearly in person and through electronic media in both English and in one Modern Indian Language
3.2. Learn to articulate, analyze, synthesize, and evaluate ideas and situations in a well-informed manner.
3.3. Generate hypotheses and articulate assent or dissent by employing both reason and creative thinking.

**PO4. Inter disciplinarity**

4.1. Perceive knowledge as an organic, comprehensive, interrelated and integrated faculty of the human mind.
4.2. Understand the issues of environmental contexts and sustainable development as a basic interdisciplinary concern of all disciplines.
4.3. Develop aesthetic, social, humanistic and artistic sensibilities for problem solving and evolving a comprehensive perspective.

# Programme Specific Outcomes (PSOs)

Name of the Programme: **BA MALAYALAM**

## PROGRAMME SPECIFIC OUTCOMES (PSOs)

**PSO1.**

മാതൃഭാഷയോടും സംസ്കാരത്തോടുമുള്ള അഭിരുചി വികസിപ്പിക്കത്തക്ക രീതിയിൽ സാഹിത്യപഠനത്തെ പ്രയോജനപ്പെടുത്തുന്നു.

**PSO2.**

മലയാളത്തിലെ വിവിധ സഹിത്യജനുസ്സുകളെ ആസ്വദിക്കുകയും അവയുടെ ചരിത്രപരമായ വികാസപരിണാമത്തെ തിരിച്ചറിയുകയും ചെയ്യുന്നു.

**PSO3.**

സൈദ്ധാന്തികവും ലാവണ്യാത്മകവുമായ ജ്ഞാനമേഖലകളെ പരിചയപ്പെടുകയും സാഹിത്യാസ്വാദനത്തിനും വിമർശനാത്മകവിശകലനത്തിനും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. സർഗ്ഗാത്മകരചന നടത്താനുള്ള പ്രേരണ രൂപപ്പെടുത്തുന്നു.

**PSO4.**

വ്യാകരണപരവും ഭാഷാശാസ്ത്രപരവുമായ അവബോധം രൂപപ്പെടുത്തുകയും പ്രയോഗപരവും ആശയവിനിമയപരവുമായ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുന്നു.

**PSO5.**

വിവരസാങ്കേതികവിദ്യയും, മാധ്യമങ്ങളും മലയാളഭാഷയും തമ്മിലുള്ള വിനിമയ സാധ്യതകൾ പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു.

**PSO6.**

വടക്കേ മലബാറിന്റെ സാംസ്കാരികസവിശേഷതകളെ അടുത്തറിയാനും സവിശേഷമായി പഠിക്കാനും പൂർവ്വധാരണകളെ പുനർനിർമ്മിക്കാനും ഉള്ള ശേഷി നേടുന്നു. കേരളചരിത്രം, സംസ്കാരം, നാടോടിവിജ്ഞാനം എന്നിവയിൽ സവിശേഷജ്ഞാനം ആർജ്ജിക്കുന്നു.

**PSO7.**

സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രത്തെ ഉപയോഗപ്പെടുത്തി സാഹിത്യപഠനം നിർവ്വചിക്കുകയും ഗവേഷണാഭിരുചി രൂപപ്പെടുത്തുകയും ചെയ്യുന്നു.

**PSO8.**

കേരളത്തിലെ അരികുവൽകൃത സ്വത്വങ്ങളെ തിരിച്ചറിയുകയും പ്രത്യയശാസ്ത്ര വിശകലനം നടത്തുകയും ചെയ്യുന്നു.

**PSO9.**

പഠനയാത്രകളിലൂടെ കേരളത്തിന്റെ സാംസ്കാരികമുദ്രകളെ നേരിട്ട് പരിചയപ്പെടുന്നു.

# Course Outcomes (COs)

Name of the Programme: **BA MALAYALAM**

## COURSE OUTCOMES (COs) FOR COMMON COURSES

| Sl. No. | Name of the Course | Outcomes |
|---|---|---|
| 1. | **1A07MAL കഥാമാതൃകകൾ** | **CO1:** ചെറുകഥ, നോവൽ എന്നീ സാഹിത്യരൂപങ്ങളെ സാമാന്യമായി പരിചയപ്പെടുക, വായനാഭിരുചിയും ആസ്വാദനശേഷിയും വളർത്തിയെടുക്കുക.<br>**CO2:** ചെറുകഥയുടെയും നോവലിന്റെയും ഉദയവികാസങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടാക്കുക.<br>**CO3:** ഘടന, പ്രമേയം, ആഖ്യാനം തുടങ്ങിയവ വിലയിരുത്തുകയും രചനകളുടെ രാഷ്ട്രീയം അപഗ്രഥിക്കുകയും ചെയ്യുക.<br>**CO4:** ജീവിതാവസ്ഥകളുടെ സങ്കീർണ്ണതകളും അനുഭൂതികളും ബോധ്യപ്പെടുത്തുകയും വിദ്യാർത്ഥികൾക്ക് മൗലിക രചനകൾ നടത്തുന്നതിന് വഴിയൊരുക്കുകയും ചെയ്യുക. |
| 2. | **2A08MAL**<br>**കവിതമാതൃകകൾ** | **CO1.** ജീവിതാവസ്ഥകൾ, സങ്കീർണ്ണതകൾ, അനുഭൂതികൾ എന്നിവ ആവിഷ്ക്കരിക്കുന്ന ഭാഷയുടെ സാന്ദ്രീകൃത രൂപമായ കവിത എന്ന സാഹിത്യരൂപത്തെ സാമാന്യമായി പരിചയപ്പെടുകയും കാവ്യാസ്വാദനശേഷി രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുക.<br>**CO2.** മലയാളകവിതയുടെ വളർച്ചയിലും വികാസത്തിലും നിർണ്ണായക സ്വാധിനം ചെലുത്തിയ കവികളെയും കാവ്യമാതൃകകളെയും കുറിച്ച് അവബോധമുണ്ടാക്കുക.<br>**CO3.** പ്രാചീനം, മധ്യകാലം, നവോത്ഥാനം, ആധുനികം , ആധുനികാനന്തരം എന്നീ |

| | | |
|---|---|---|
| | | കാലഘട്ടങ്ങളിൽ മലയാളകവിതയിലുണ്ടായ രൂപ-ഭാവ പരിണതികളെ പരിചയപ്പെടുക.<br>**CO4.** ഭാഷയുടെ സവിശേഷപ്രയോഗത്തിലൂടെ കവിത സാധ്യമാക്കുന്ന സാമൂഹ്യസാംസ്കാരിക പരിതോവസ്ഥകളുടെ ആവിഷ്ക്കരണവും അവയുടെ രാഷ്ട്രീയവും തിരിച്ചറിഞ്ഞ് നിരൂപണ ബുദ്ധ്യാ വിലയിരുത്താനുള്ള പരിശീലനം നൽകുക. |
| 3. | **3A09MAL ഗദ്യസാഹിത്യം** | **CO1.** ആത്മകഥ/ സ്മരണ, ജീവചരിത്രം/ കേട്ടെഴുത്ത്, സഞ്ചാരസാഹിത്യം, നിരൂപണം തുടങ്ങിയ ഗദ്യരൂപങ്ങളുടെ ഉദ്ഭവം, വളർച്ച, പരിണാമവഴികൾ എന്നിവയെ പറ്റി സാമാന്യാവബോധമുണ്ടാക്കുക.<br>**CO2.** ഗദ്യസാഹിത്യകൃതികൾ വായിക്കുന്നതിനും നിരൂപണ മനോഭാവത്തോടെ ആസ്വദിക്കുന്നതിനും പ്രേരിപ്പിക്കുക.<br>**CO3.** ഗൌരവപൂർണ്ണമായ ഒരു സിനിമാസ്വാദനസംസ്കാരം വളർത്തിയെടുക്കുക.<br>**CO4.** വിവിധങ്ങളായ ഗദ്യരചനാ ശൈലികൾ പരിചയപ്പെടുക.<br>**CO5.** ഗദ്യഭാഷയുടെ പ്രയോഗശേഷി വികസിപ്പിക്കുക. |
| 4. | **4A10MAL ദൃശ്യകലാസാഹിത്യം** | **CO1.** കേരളത്തിന്റെ തനതായ ദൃശ്യകലാപാരമ്പര്യങ്ങളെക്കുറിച്ചും സമ്പന്നതയെക്കുറിച്ചും വിദ്യാർത്ഥികൾക്ക് അറിവ് പകരുക.<br>**CO2.** കഥകളി, തുള്ളൽ, നാടകം, സിനിമ പോലുള്ള ദൃശ്യകലകളെയും അവയ്ക്കാധാരമായ സാഹിത്യപാഠങ്ങളെയും പരിചയപ്പെടുത്തുക.<br>**CO3.** കലാപരവും സാഹിത്യപരവുമായ പുതിയ അനുഭവങ്ങളെ ഉൾക്കൊള്ളൽ, |

| | | |
|---|---|---|
| | | കാവ്യാനുഭൂതികൾക്കൊപ്പം ജീവിതാവബോധത്തിന്റെ സ്വാംശീകരണം എന്നിവ ലക്ഷ്യം.<br>**CO4.** സാമൂഹിക പരിഷ്ക്കരണത്തിന്റെയും മനഃസംസ്കരണത്തിന്റെയും ചാലകശക്തികളായി നാടകം പോലെയുള്ള കലാസൃഷ്ടികൾ വർത്തിക്കുന്നതിനെ വിശകലനം ചെയ്യുക.<br>**CO5.** സിനിമ എന്ന ജനകീയകലയുടെ കേവലാസ്വാദനത്തിനപ്പുറമുള്ള സൈദ്ധാന്തിക തലങ്ങളിലേക്കും സാമൂഹിക-സാംസ്കാരിക വായനകളിലേക്കും വിദ്യാർത്ഥികളെ സജ്ജരാക്കുക. |
| 5. | **1A07-1MAL**<br>**സാഹിത്യരൂപങ്ങൾ** | **CO1.** മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസപരിണാമത്തിൽ വിവിധ സാഹിത്യജനുസ്സുകൾ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചുള്ള അവബോധം രൂപപ്പെടുത്തുക.<br>**CO2.** സാഹിത്യാസ്വാദനത്തിനും സാഹിത്യപാഠങ്ങളുടെ വിശകലനത്തിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.<br>**CO3.** നാടകം/സിനിമ തുടങ്ങിയ കലാരൂപങ്ങളുടെ ആസ്വാദനത്തോടൊപ്പം അവയുടെ ഭാവതലത്തെ വിമർശനാത്മകമായി സമീപിക്കാനുള്ള പ്രാപ്തി നേടുക.<br>**CO4.** വിദ്യാർത്ഥികൾക്കിടയിൽ വായനയും കലാരുപങ്ങളുടെ ആസ്വാദനവും തുടർപ്രക്രിയയായി മാറ്റാനുള്ള പ്രേരണ നൽകുക. |
| 6. | **2A08-1MAL ഗദ്യരൂപങ്ങൾ** | **CO1.** വിവിധ ഗദ്യരുപങ്ങളുടെ ഘടന, പ്രമേയം, ആഖ്യാനം എന്നിവ സാമാന്യമായി പരിചയപ്പെടുകയും ആസ്വാദനശേഷി വളർത്തുകയും ചെയ്യുക. |

| | | |
|---|---|---|
| | | **CO2.** ജീവിതമെഴുത്ത് രൂപങ്ങളായ ആത്മകഥ, ജീവചരിത്രം, സ്മരണ തുടങ്ങിയവയുടെ വായനാനുഭവം രൂപപ്പെടുത്തുക.<br>**CO3.** സഞ്ചാരസാഹിത്യമാതൃകകൾ പരിചയപ്പെടുകയും യാത്രയുടെ അനുഭവം, ആഖ്യാനം, വിപണനം, രാഷ്ട്രീയം എന്നിവ വിമർശനബുദ്ധ്യാ വിലയിരുത്തുകയും ചെയ്യുക.<br>**CO4.** അനുഭൂതികളുടെ ആവിഷ്കൃതരുപങ്ങളെ അടുത്തറിയുകയും ഉപരിവായനയിൽ താൽപ്പര്യമുണ്ടാക്കുകയും ചെയ്യുക.<br>**CO5.** യാത്രകൾ സംഘടിപ്പിക്കുകയും യാത്ര അനുഭവിക്കുകയും ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക. |

## COURSE OUTCOMES (COs) FOR CORE COURSES

| Sl. No. | Name of the Course | Outcomes |
|---|---|---|
| 7. | **1B01MAL മലയാളകവിത ആധുനികം ആധുനികാനന്തരം** | **CO1.** മലയാളത്തിലെ ആധുനിക-ആധുനികാനന്തര കവിതയെക്കുറിച്ച് ആഴത്തിലുള്ള അവബോധമുണ്ടാക്കുക.<br>**CO2.** കവിതയും സംസ്കാരചരിത്രവും തമ്മിലുള്ള വിനിമയങ്ങളെക്കുറിച്ച് ബോധ്യമുണ്ടാക്കുക<br>**CO3.** ഭാഷയുടെ അതിസാന്ദ്രരൂപമായ കവിതയിൽ ആസ്വാദനശേഷി വർദ്ധിപ്പിക്കുക.<br>**CO4.** സർഗാത്മകശേഷി പരിപോഷിപ്പിക്കുക. |
| 8. | **2B02MAL ചെറുകഥാസാഹിത്യം** | **CO1.** സാമാന്യമായ സാഹിത്യപരിചയവും വായനാഭിരുചിയും ആസ്വാദനശേഷിയും വളർത്തിയെടുക്കുക.<br>**CO2.** ചെറുകഥാസാഹിത്യത്തിലെ ഭാവുകത്വപരിണാമങ്ങൾ |

| | | |
|---|---|---|
| | | തിരിച്ചറിയുക. കാലഘട്ടത്തിന്റെ പൊതുപ്രവണതകളും ഉദാത്തജീവിത വീക്ഷണവും എഴുത്തിൽ പ്രകടമാവുന്നത് അനുഭവിക്കുക.<br>**CO3.** പ്രമേയത്തിലും അവതരണത്തിലും ആഖ്യാനത്തിലും ഉള്ള ചലനങ്ങൾ, കഥയുടെ രാഷ്ട്രീയം, സമകാലകഥയിലെ പലമ, ഉത്തരാധുനിക എഴുത്ത് എന്നിവ വിലയിരുത്തുകയും അപഗ്രഥിക്കുകയും ചെയ്യുക.<br>**CO4.** ആധുനിക ജീവിതത്തിലെ കലുഷതകൾ, സ്വത്വ സംഘർഷങ്ങൾ, അവതരണത്തിലെ പരീക്ഷണങ്ങൾ തുടങ്ങിയവ മനസ്സിലാക്കുക. |
| 9. | **3B03MAL മലയാള സാഹിത്യ വിമർശനം** | **CO1.** വിമർശനം എന്ന സാഹിത്യഗണത്തെപ്പറ്റി സൈദ്ധാന്തികവും പ്രായോഗികവുമായ അവബോധമുണ്ടാക്കുക.<br>**CO2.** മലയാളവിമർശനത്തിന്റെ ഉദ്ഭവം, വളർച്ച, വികാസപരിണാമങ്ങൾ എന്നിവ ചരിത്രാത്മകമായി മനസ്സിലാക്കുക.<br>**CO3.** മലയാളത്തിലെ പ്രധാന വിമർശകർ, വിമർശനസമീപനങ്ങൾ, സമകാലീന വിമർശനം എന്നിവയെ പറ്റി ധാരണയുണ്ടാക്കുക.<br>**CO4.** വിമർശനചരിത്രങ്ങളുടെ പുനർവായനകൾക്കും അവയുടെ വിമർശനാത്മകമായ അപ്രഗഥനങ്ങൾക്കും പ്രേരണ നൽകുക.<br>**CO5.** സാഹിത്യകൃതികളെ നിരൂപണം ചെയ്യുന്നതിന് പ്രചോദനവും പരിശീലനവും നൽകുക. |
| 10. | **3B04MAL ഇന്ത്യൻ കാവ്യ സിദ്ധാന്തങ്ങൾ** | **CO1.** ഇന്ത്യയിൽ തന്നെ ഉണ്ടായിട്ടുള്ള വ്യത്യസ്തമായ ലാവണ്യശാസ്ത്ര സിദ്ധാന്തങ്ങളെപ്പറ്റി മനസ്സിലാക്കാനും വിമർശനാത്മകമായി വിലയിരുത്താനുമുള്ള ശേഷി നേടുന്നു. |

| | | |
|---|---|---|
| | | **CO2.** സാഹിത്യപഠനവും സിദ്ധാന്തപഠനവും തമ്മിലുള്ള പാരസ്പര്യം തിരിച്ചറിയുന്നു.<br>**CO3.** കാവ്യസൗന്ദര്യഘടകങ്ങളെ കണ്ടെത്തുന്നു.<br>**CO4.** സർഗാത്മക്രപ്രകിയയെപ്പറ്റിയുള്ള സൂക്ഷ്മമായ ചിന്താലോകത്തെപ്പറ്റി അറിവ് നേടുന്നു. |
| 11. | **4B05MAL പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങൾ** | **CO1.** പാശ്ചാത്യ കലാചിന്തകളെ സാമാന്യമായി പരിചയപ്പെടുന്നു.<br>**CO2.** പാശ്ചാത്യസിദ്ധാന്തങ്ങളുടെ ചരിത്രപരമായ വളർച്ചയും വികാസവും തിരിച്ചറിയുന്നു.<br>**CO3.** കലാസിദ്ധാന്തങ്ങളെപ്പറ്റിയുള്ള വിഭിന്നമായ ചിന്താധാരകളെ അപഗ്രഥിക്കാനുള്ള ശേഷി നേടുന്നു.<br>**CO4.** സാഹിത്യനിരൂപണത്തിൽ പ്രസ്തുത സിദ്ധാന്തങ്ങൾ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി മനസ്സിലാക്കാനുള്ള താത്പര്യം രൂപപ്പെടുന്നു. |
| 12. | **4B06MAL പ്രാചീന മധ്യകാല സാഹിത്യം** | **CO1.** പാട്ട്, മണിപ്രവാളം, സന്ദേശകാവ്യങ്ങൾ, ചമ്പുക്കൾ എന്നീ പ്രാചീന-മധ്യകാല സാഹിത്യരൂപങ്ങളുടെ ആസ്വാദനവും വിശകലനവും.<br>**CO2.** പ്രാചീനഗദ്യത്തെക്കുറിച്ചുള്ള സാമാന്യധാരണ നേടുക.<br>**CO3.** കൃഷ്ണഗാഥ, കിളിപ്പാട്ട്, തുള്ളൽ, വഞ്ചിപ്പാട്ട്, പാന, ആട്ടക്കഥ തുടങ്ങിയ സാഹിത്യരൂപങ്ങളുടെ പരിചയവും ആസ്വാദനവും.<br>**CO4.** മധ്യകാല ഗദ്യസാഹിത്യത്തെക്കുറിച്ച് സാമാന്യധാരണ നേടുക.<br>**CO5.** വെണ്മണി, പച്ചമലയാള പ്രസ്ഥാനങ്ങൾ, വിലാപകാവ്യം, വടക്കൻ, തെക്കൻപാട്ടു കൾ എന്നിവ മലയാളകവിതയുടെ ഭാവുകത്വപരിണാമത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് അവബോധമുണ്ടാക്കുക. |

| | | |
|---|---|---|
| | | **CO6.** ആധുനിക മലയാളഗദ്യ രൂപീകരണത്തെക്കുറിച്ച് സാമാന്യധാരണ നേടുക.<br>**CO7.** പ്രാചീനമധ്യകാല കൃതികളുടെ പ്രതിപാദ്യ-പ്രതിപാദന സവിശേഷതകളെക്കുറിച്ച് വിദ്യാർത്ഥികളിൽ സാമാന്യധാരണ ഉണ്ടാക്കുക. |
| 13. | **5B07MAL വ്യാകരണ പഠനങ്ങൾ** | **CO1.** പരമ്പരാഗത വ്യാകരണത്തെ പരിചയപ്പെടുകയും അവയുടെ അടിസ്ഥാനധാരണകൾ ഗ്രഹിക്കുകയും ചെയ്യുക.<br>**CO2.** ഭാഷാനിയമങ്ങളെപ്പറ്റിയുള്ള നിരീക്ഷണങ്ങളും സിദ്ധാന്തങ്ങളും ചരിത്രപരമായും വിമർശനാത്മകമായും മനസ്സിലാക്കുക.<br>**CO3.** ഗദ്യഭാഷയെ വ്യാകരണത്തിന്റെ വിശകലനോപാധികൾ ഉപയോഗിച്ച് യുക്തിസഹവും ശാസ്ത്രീയവുമായി അപ്രഗഥിക്കാനുള്ള ശേഷി വികസിപ്പിക്കുക.<br>**CO4.** ഭാഷാപ്രയോഗ വൈവിധ്യങ്ങൾക്കു പിന്നിലുള്ള യുക്തികൾ വിശകലനം ചെയ്യുക.<br>**CO5.** സുക്ഷ്മമായ ഭാഷാപ്രയോഗശേഷി വികസിപ്പിക്കുക. |
| 14. | **5B08MAL നോവൽ സാഹിത്യം** | **CO1.** മലയാള നോവൽ സാഹിത്യത്തെകുറിച്ച് അവബോധമുണ്ടാക്കുക.<br>**CO2.** നോവൽ സാഹിത്യ ചരിത്രത്തിലെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുകയും ഓരോ ഘട്ടത്തിലെയും നോവലുകളുടെയും ആഖ്യാനം, പ്രമേയം, പ്രതിനിധാന സവിശേഷതകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുക.<br>**CO3.** മലയാള നോവൽ വികാസചരിത്രം വിദ്യാർത്ഥികൾ ഗ്രഹിക്കുകയും നോവലുകൾ സാമൂഹ്യ ചരിത്രപാഠങ്ങളായി |

| | | |
|---|---|---|
| | | മാറുന്നതിന്റെ സാധുത അന്വേഷിക്കുകയും വിലയിരുത്തുകയും ചെയ്യുക.<br>**CO4.** ആസ്വാദനത്തോടൊപ്പം സർഗ്ഗാത്മകരചനക്കുള്ള പ്രചോദനം നൽകുക. |
| 15. | **5B09MAL സംസ്ക്കാര പഠനവും സാഹിത്യവും** | **CO1.** സംസ്കാരപഠനമെന്ന അന്തർവൈജ്ഞാനിക പഠനമേഖലയെ പരിചയപ്പെടുക.<br>**CO2.** സാഹിത്യപാഠങ്ങളുടെ സാംസ്കാരിക വിശകലനത്തിന് വിദ്യാർത്ഥിയെ പ്രാപ്തനാക്കുക.<br>**CO3.** സംസ്കാരത്തെ വ്യത്യസ്തമായ സാമുഹിക്രപ്രകിയകളായി മനസ്സിലാക്കാനും അവയുടെ പരിണാമത്തെയും അവയ്ക്കുള്ളിലെ അധികാരബന്ധങ്ങളേയും മനസ്സിലാക്കുന്നതിന് സാഹിത്യപാഠങ്ങളെ പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക.<br>**CO4.** സാഹിത്യപഠനത്തെ വിഷയാന്തരസമീപനമായി പുനർ ക്രമീകരിക്കാൻ സഹായിക്കുക.<br>**CO5.** സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രമാതൃകകളെ പ്രാഥമികമായി പരിചയപ്പെടുക.<br>**CO6.** അനുഭൂതികളും സാമൂഹികസന്ദർഭങ്ങളും തമ്മിലുള്ള ബന്ധത്തെ തിരിച്ചറിയുന്നതിന് വിദ്യാർത്ഥിക്കു പ്രേരണയാവുക. |
| 16. | **5B10MAL കേരളസംസ്കാരം** | **CO1.** വിദ്യാർത്ഥികളിൽ സാംസ്കാരികാവബോധം വളർത്തുക<br>**CO2.** സാമൂഹികമായ ഇടപെടലിനുള്ള പ്രേരണ നല്കുക.<br>**CO3.** പ്രാദേശികചരിത്രത്തിന്റെ വീണ്ടെടുപ്പിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോധവാന്മാരാക്കുക.<br>**CO4.** ഭാഷയുടെയും സംസ്കാരത്തിന്റെയും |

| | | |
|---|---|---|
| | | ബഹുസ്വരതയെക്കുറിച്ചുള്ള അവബോധം പകരുക.<br>**CO5.** ചരിത്രസംബന്ധവും സംസ്കാര സംബന്ധവുമായ മുൻധാരണകളെ തിരുത്താൻ പ്രേരിപ്പിക്കുക.<br>**CO6.** വ്യക്തമായ രാഷ്ട്രീയ, സാമൂഹികാവബോധമുള്ള യുവതലമുറയെ രുപപ്പെടുത്തുക. |
| 17. | **5B11MAL നാടോടി വിജ്ഞാനീയം** | **CO1.** സാമൂഹ്യജീവിതത്തിന്റെ ആരംഭം മുതല്ക്കുള്ള മനുഷ്യജീവിതത്തിന്റെ വിവിധ വശങ്ങളെ അടയാളപ്പെടുത്തുന്ന നാടോടിവിജ്ഞാനീയം എന്ന പഠനശാഖയെ പരിചയപ്പെടുത്തുക.<br>**CO2.** ഫോക്ലോറിന്റെ പ്രസക്തിയെക്കുറിച്ചും ഈ ജ്ഞാനമാതൃക നിർവ്വഹിക്കുന്ന സാമുഹ്യധർമ്മങ്ങളെക്കുറിച്ചുമുള്ള അവബോധം രൂപപ്പെടുത്തുക.<br>**CO3.** ഫോക്ലോർ പഠനരംഗത്തെ നൂതനപ്രവണതകൾ പരിചയപ്പെടുക<br>**CO4.** സാഹിത്യകൃതികളുടെ ആസ്വാദനത്തിന് ഫോക്ലോറിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാമാന്യപരിചയം നേടുക. |
| 18. | **6B12MAL ഭാഷാശാസ്ത്രം** | **CO1.** ഭാഷാശാസ്ത്രം എന്ന വിഷയമേഖലയെ പരിചയപ്പെടുകയും ഭാഷാശാസ്ത്രപരമായ അടിത്തറ രൂപപ്പെടുത്തുകയും ചെയ്യുക.<br>**CO2.** ഭാഷയെയും ഭാഷണത്തെയും യുക്തിസഹവും ശാസ്ത്രീയവുമായി സമീപിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക.<br>**CO3.** വ്യത്യസ്തങ്ങളായ ഭാഷ അപഗ്രഥന രീതികൾ മനസ്സിലാക്കുക.<br>**CO4.** ഭാഷാപ്രയോഗ വൈവിധ്യങ്ങൾ കണ്ടെത്തുകയും ഭാഷാശാസ്ത്രത്തിന്റെ |

| | | |
|---|---|---|
| | | വിശകലനോപാധികൾ ഉപയോഗിച്ച് അവയെ അപഗ്രഥിക്കുകയും ചെയ്യുക.<br>**CO5.** ഭാഷാപ്രയോഗങ്ങളിൽനിന്ന് ഭാഷാനിയമങ്ങൾ കണ്ടെത്തുന്നതിലേക്കും അതുവഴി സിദ്ധാന്തരൂപീകരണത്തിലേക്കും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രാഥമിക പടവുകൾ സൃഷ്ടിക്കുക. |
| 19. | **6B13MAL മാധ്യമ പഠനം** | **CO1.** മാധ്യമലോകത്തിന്റെ വിപുലവും വിപ്ലവകരങ്ങളുമായ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവ് പകരുക.<br>**CO2.** വിവരസാങ്കേതികവിദ്യയുടെ ലോകത്ത് സ്വതന്ത്രവും യുക്തിഭദ്രവുമായ വീക്ഷണങ്ങൾ രൂപീകരിക്കാൻ പ്രാപ്തരാക്കുക.<br>**CO3.** വിജ്ഞാനസ്ഫോടനത്തിലേക്ക് മനസ്സുകളെ ആനയിക്കുന്ന സ്രോതസ്സുകളെ പരിചയിക്കുക. മാധ്യമങ്ങളുടെ സാന്നിധ്യത്തിലൂടെ സമൂഹത്തിനു ലഭിക്കുന്ന സാംസ്കാരികോന്നമനത്തെക്കുറിച്ച് അറിവുപകരുക. മാധ്യമങ്ങളിലെ വൈവിധ്യപൂർണ്ണമായ പരിപാടികളുടെ ആസ്വാദനത്തിനും വിലയിരുത്തലിനും സജ്ജരാക്കുക.<br>**CO4.** പ്രതിഭാസമ്പന്നരായ വിദ്യാർത്ഥികൾക്ക് മാധ്യമലോകത്തേക്ക് പ്രവേശിക്കാനുള്ള പ്രചോദനം നൽകുക.<br>**CO5.** മാധ്യമസംസ്കാരത്തെ വിമർശനാത്മകമായി വിലയിരുത്താൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. |
| 20. | **6B14MAL വിവരസാങ്കേതിക വിദ്യയും മലയാളവും** | **CO1.** വിവരസാങ്കേതികരംഗത്തെ വികാസം ഭാഷാ-സാഹിത്യപഠനത്തിൽ പ്രയോജനപ്പെടുത്തുക.<br>**CO2.** കമ്പ്യൂട്ടറിലെ മലയാളം മെച്ചപ്പെടുത്തുന്നതിന് വിഭവങ്ങൾ പ്രദാനം ചെയ്യുക. |

| | | |
|---|---|---|
| | | **CO3.** ഉന്നതവിദ്യാഭ്യാസത്തിലെ വിവരങ്ങളുടെ കൈകാര്യകർത്യത്വം എളുപ്പമാക്കുക.<br>**CO4.** കമ്പ്യൂട്ടറിലൂടെ ബഹുജനവിദ്യാഭ്യാസ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.<br>**CO5.** ഇന്ററർനെറ്റിൽ മലയാളസാഹിത്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ വർദ്ധിപ്പിക്കാൻ പരിശ്രമിക്കുക. |
| 21. | **6B15MAL വിവർത്തന സാഹിത്യം** | **CO1.** വിവർത്തനസാഹിത്യമേഖലയെ പരിചയപ്പെടുക.<br>**CO2.** വിവർത്തനത്തിലെ പ്രശ്നങ്ങൾ പരിമിതികൾ, സാംസ്കാരിക വിനിമയങ്ങൾ എന്നിവയെപ്പറ്റി അവബോധമുണ്ടാക്കുക.<br>**CO3.** മലയാളത്തിലെ വിവർത്തന സാഹിത്യശാഖയെപ്പറ്റി സാമാന്യമായി അറിയുക.<br>**CO4.** ഇതരഭാഷകളിൽനിന്നുള്ള സാഹിത്യകൃതികൾ മലയാളസാഹിത്യത്തിൽ ചെലുത്തിയ സ്വാധീനം തിരിച്ചറിയുക. |
| | **COMPLIMENTRY ELECTIVE COURSES** | |
| 22. | **1C01MAL പരിസ്ഥിതി-ദളിത്-ലിംഗ പദവി പഠനങ്ങൾ** | **CO1.** പരിസ്ഥിതി, ദളിത്, ലിംഗപദവി-പഠനമേഖലയെ സാമാന്യമായി പരിചയപ്പെടുക.<br>**CO2.** ഈ സൈദ്ധാന്തിക സമീപനങ്ങളെ വായനയിലും എഴുത്തിലും പ്രയോജനപ്പെടുത്തുക.<br>**CO3.** ഇവ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തെ തിരിച്ചറിയുക.<br>**CO4.** ഈ വൈജ്ഞാനികമേഖലകളുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ സാഹിത്യരചനകളെ വിശകലനം ചെയ്യുക. |
| 23. | **4C04MAL മലബാർ പഠനങ്ങൾ** | **CO1.** വടക്കേമലബാറിന്റെ പലമ (റശ്ശ്ശെദ്യ) യെ മനസ്സിലാക്കുകയും പഠന-അന്വേഷണ മാതൃകകൾ തെളിയിച്ചെടുക്കുകയും ചെയ്യുക. |

| | | |
|---|---|---|
| | | **CO2.** വടക്കേമലബാറിന്റെ ഭൂമിശാസ്ത്രത്തെയും പ്രകൃതിയേയും സംസ്കാരവുമായി ബന്ധിപ്പിപ്പ് പഠിക്കുക.<br>**CO3.** വടക്കേമലബാറിലെ ചരിത്രപരവും സമകാലികവുമായ സാംസ്കാരികരൂപീകരണങ്ങളെ പഠിക്കുക.<br>**CO4.** കലയും സാഹിത്യവും ജീവിതരൂപങ്ങളോട് ബന്ധപ്പെടുന്നതും പരസ്പരം കണ്ണിചേരുന്നതെങ്ങനെയെന്നുമുള്ള ധാരണകൾ രൂപപ്പെടുത്തുക.<br>**CO5.** ജീവിക്കുന്നചുറ്റുപാടുകളെ പാഠ്യവസ്തുവുമായി ബന്ധിപ്പിക്കാനുള്ള ശേഷികൾ വികസിക്കാനുതകും വിധം ഏതെങ്കിലും നിശ്ചിതഭൂവിഭാഗങ്ങളിലെ/ സാംസ്കാരികമേഖലകളിലെ/പ്രദേശങ്ങളിലെ (കണ്ണൂർ, കാസർഗോഡ്, വയനാട്) ജനജീവിതത്തെ പ്രായോഗികപഠനത്തിന് വിധേയമാക്കുക. |
| **GENERIC ELECTIVE COURSES** | | |
| 24. | **5D01MAL ജനപ്രിയ സിനിമ പഠനം** | **CO1.** സിനിമ എന്ന കലാരുപത്തിന്റെ സാമുഹ്യപ്രാധാന്യം ഉൾക്കൊണ്ടു കൊണ്ട് അതിനെ സമീപിക്കാൻ പഠിതാക്കളെ പ്രാപ്തരാക്കുക.<br>**CO2.** ജനപ്രിയസിനിമകളെ വിമർശനബുദ്ധ്യാ വീക്ഷിക്കാനുള്ള ശേഷി ഉണ്ടാക്കുക.<br>**CO3.** ഒരു ഹ്രസ്വ ചിത്രമോ ക്യാംപസ് ഫിലിമോ ഡോക്യുമെന്ററിയോ നിർമ്മിക്കാനുള്ള താൽപര്യവും ശേഷിയും പഠിതാക്കളിൽ ഉണ്ടാക്കുക.<br>**CO4.** ചലച്ചിത്ര നിരൂപണം നടത്താനുള്ള ശേഷി പഠിതാക്കളിൽ ഉണ്ടാക്കുക. |

| | | |
|---|---|---|
| | | **CO5.** സിനിമയുടെ രാഷ്ട്രീയം തിരിച്ചറിയാനും ചർച്ച ചെയ്യാനും പഠിതാക്കളിൽ ശേഷി ഉണ്ടാക്കുക. |
| 25. | **5D02MAL സൈബർ സാഹിത്യം** | **CO1**. മാറുന്ന സാങ്കേതികസംസ്കാരത്തെയും അവ സാഹിത്യത്തിലും സംസ്കാരത്തിലുമുണ്ടാക്കിയ മാറ്റങ്ങളെയും പരിചയപ്പെടുക.<br><br>**CO2.** നവസാമൂഹിക മാധ്യമങ്ങളെ ജീവിതത്തിൽ ഗുണപരമായി പ്രയോജനപ്പെടുത്താൻ പ്രേരണ നൽകുക.<br>**CO3.** സാങ്കേതികവികാസം സാഹിത്യ--സംസ്കാര പഠനരംഗത്തെ മികവു വർദ്ധിപ്പിക്കാനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ ശീലിപ്പിക്കുക.<br>**CO4.** സർഗാത്മകതയിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ ശീലിപ്പിക്കുക.<br>**CO5.** ഓൺലൈൻകാല സാഹിത്യമാതൃകകൾ പരിചയപ്പെടുകയും പഠനവിധേയമാക്കുകയും ചെയ്യുക. |
| 26. | **5D03MAL നോവൽ വായന** | **CO1.** ഒരു സാഹിത്യഗണമെന്ന നിലയിലും ആഖ്യാനരൂപമെന്ന നിലയിലും നോവൽ എന്ന സാഹിത്യവിഭാഗത്തെ സമഗ്രമായി ഉൾക്കൊള്ളാനും വിശകലനം ചെയ്യാനുമുള്ള ശേഷി വികസിപ്പിക്കുക.<br>**CO2.** നോവൽ എന്ന ജനുസ്സ് രൂപം കൊടുത്ത പുസ്തക സംസ്കാരത്തിന്റെ /വായനാസംസ്കാരത്തിന്റെ, വായനാ സമൂഹത്തിന്റെ സ്വഭാവം പരിശോധിച്ചറിയുക.<br>**CO3.** സമൂഹത്തിന്റെയും ഭാഷയുടെയും ആധുനികീകരണയുക്തികളെ നോവലുകൾ |

| | | |
|---|---|---|
| | | സ്വാംശീകരിച്ചതെങ്ങനെയെന്നു വിശകലനം ചെയ്യുക.<br>**CO4.** നോവൽ വായനകളുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളെയും സമീപനങ്ങളെയും പറ്റി അവബോധമുണ്ടാക്കുക.<br>**CO5.** നോവൽ ഉൾപ്പെടെയുള്ള സാഹിത്യകൃതികളുടെ ആസ്വാദനത്തിനും വിമർശനാത്മകമായ വിശകലനങ്ങൾക്കും പര്യാപ്തമായ സിദ്ധാന്തങ്ങളും സമീപനരീതികളും വികസിപ്പിക്കുക. |
| 27. | **5D04MAL വൈക്കം മുഹമ്മദ് ബഷീർ പാഠവും പഠനവും** | **CO1.** മലയാളത്തിലെ പ്രതിഭാധനരായ എഴുത്തുകാരെപ്പറ്റി അറിവുണ്ടാക്കുക<br>**CO2.** ബഷീറിന്റെ സമഗ്രമായ സാഹിത്യ സംഭാവനകളെ തിരിച്ചറിയുക.<br>**CO3.** എഴുത്ത് എന്ന പ്രക്രിയയുടെ സാംസ്കാരിക സ്വാധീനങ്ങളെപ്പറ്റി മനസ്സിലാക്കുക.<br>**CO4.** ബഷീറിന്റെ കൃതികളിലെ ഭാഷ, മാനവികത, സഹജീവിസ്നേഹം, പാരിസ്ഥിതിക ബോധം എന്നിവയെപ്പറ്റി ബോധ്യമുണ്ടാക്കുക. |
| 28. | **5D05MAL മലയാളം: ഭാഷയും പ്രയോഗവും** | **CO1.** മാതൃഭാഷ എന്ന സങ്കല്പത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.<br>**CO2.** മലയാളത്തിന്റെ ഭാഷാപരമായ പ്രയോഗവിശേഷങ്ങൾ തിരിച്ചറിയുന്നു.<br>**CO3.** മലയാളത്തിന്റെ വ്യാകരണകാര്യങ്ങൾ സാമാന്യമായി മനസ്സിലാക്കുന്നു.<br>**CO4.** ഭാഷയുടെ സന്ദര്യാത്മകതയും തനിമയും വിശകലനം ചെയ്യാൻ കഴിയുന്നു.<br>**CO5.** ആശയവിനിമയം ദുർഗ്രഹമല്ലാത്ത രീതിയിൽ ഭാഷ പ്രയോഗിക്കാനുള്ള ശേഷി നേടുക. |